"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - വട്ടിയൂർക്കാവിന്റെ സാംസ്കാരികോത്സവമായ വട്ടിയൂർക്കാവ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി കേരള സംസ്കാര വ്യാപനം പദ്ധതി ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.244/2026/CLAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. 16.04.2018-ലെ സ.ഉ (പി) നം.62/2018/ധന നമ്പർ ഉത്തരവ്
2. സ.ഉ (സാധാ) നം.263/2025/സാം.കാ.വ തീയതി 15.05.2025
3. വട്ടിയൂർക്കാവ് എം.എൽ.എയുടെ 02.02.2026-ലെ വി.കെ/1749/25 നമ്പർ കത്ത്.

**ഉത്തരവ്**

വട്ടിയൂർക്കാവിന്റെ സാംസ്കാരികോത്സവമായ വട്ടിയൂർക്കാവ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി കേരള സംസ്കാര വ്യാപനം പദ്ധതി ശീർഷകത്തിൽ നിന്നും ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് വട്ടിയൂർക്കാവ് എം.എൽ.എ പരാമർശം (3) പ്രകാരം കത്ത് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ വട്ടിയൂർക്കാവ് ഫെസ്റ്റ് എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം 2025-26 സാമ്പത്തിക വർഷം സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചിട്ടുള്ള കേരള സാംസ്കാരിക വ്യാപനം (2205-00-102-18 പ്ലാൻ) എന്ന പദ്ധതി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് ₹5,00,000/- രൂപ (അഞ്ച് ലക്ഷം രൂപാ മാത്രം) പി എസ് റ്റി എസ് ബി അക്കൗണ്ട്സ് സിസ്റ്റം ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പരാമർശം (1) ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ അനുവദിക്കുന്നതിന് സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് അവശ്യ രേഖകൾ ഹാജരാക്കുന്ന

മുറയ്ക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആയതു വിശദമായി പരിശോധിച്ചതിനു ശേഷം തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത തുക പ്ലാൻ സ്കീം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പരിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി. ഡി. ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ്/അക്കൗണ്ട്സ് സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ ബന്ധപ്പെട്ട അധികാരി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സർക്കാരിനും, പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ&ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ബന്ധപ്പെട്ട അധികാരി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

അഡ്വ. വി.കെ. പ്രശാന്ത്, എം.എൽ.എ (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ്റ് ജനറൽ (എ ആൻറ് ഇ/ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ (സി2/32/2026/സാം.കാ.വ )

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 13-03-2026 18:38:48

പകർപ്പ്ഃ ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്.ന്
സാംസ്കാരിക വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്